തിരഞ്ഞെടുക്കുവാനുള്ള അവകാശവും കുടുംബത്തിനുള്ളിലുണ്ടാകുന്ന ഏതൊരു മാനസിക ശാരീരിക വൈകാരിക സാമ്പത്തിക അതിക്രമങ്ങൾക്കെതിരെ മജിസ്ട്രേറ്റിനോ രജിസ്റ്റർ ചെയ്ത സേവന ദാതാവിനോ സംരക്ഷണ ഉദ്യോഗസ്ഥനോ നേരിട്ട് പരാതി നൽകാനുള്ള അവകാശവും നമ്മുടെ പെൺമക്കൾക്ക് ഉണ്ടെന്ന് നമ്മളിൽ എത്രപേർ പറഞ്ഞു കൊടുക്കുന്നുണ്ട്. വിവാഹശേഷം ഏഴുവർഷത്തിനുള്ളിൽ, സ്ത്രീ പൊള്ളലോ ശാരീരികക്ഷതമോ മൂലമോ മറ്റ് അസാധാരണ സാഹചര്യങ്ങളിലോ മരിക്കാനിടയാവുകയും അവളുടെ മരണത്തിനു മുമ്പ് ഭർത്താവോ ഭർത്താവിന്റെ അടുത്ത ബന്ധുക്കളോ സ്ത്രീധനത്തിനുവേണ്ടിയോ മറ്റ്, ക്രൂരതക്കോ പീഢനത്തിനോ അവളെ വിധേയമാക്കിയിരുന്നു എന്നു തെളിയുകയും ചെയ്താൽ ആ മരണം സ്ത്രീധനമരണമായും ഭർത്താവോ ബന്ധുക്കളോ ആ മരണത്തിനു കാരണമായി എന്നു കണക്കാക്കപ്പെടുന്നതുമാണെന്ന് നമ്മളിൽ എത്ര പേർക്കറിയാം.? ഇതിനുള്ള ശിക്ഷ 7 വർഷം മുതൽ ജീവപര്യന്തം വരെയാണെന്ന് എത്ര ആൺമക്കൾക്ക് നാം പറഞ്ഞു കൊടുക്കുന്നുണ്ട്.

പണക്കൊതിക്കു പിറകേ ഒരു പെണ്ണിന്റെ ജിവിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്യുന്നതിനൊപ്പം സ്വന്തം മകന്റെ നാശം കൂടിയാണ് - എത്രകൊടുക്കും ? - എന്ന ചോദ്യത്തിൽ ഒളിഞ്ഞു കിടക്കുന്നത് ഒന്ന് ഓർക്കുക.

ഒടുവിലായി.....

*— സാരമില്ല മോളെ ! അങ്ങനെയൊക്കെയാ !*
*നീ ഒന്ന് അഡ്ജസ്റ്റ് ചെയ്യ് !!! എല്ലാം ശരിയാകും.*
*ഇങ്ങനെ പറഞ്ഞ് ആശ്വസിപ്പിച്ച് അസഹനീയമായ*
*കുടുംബജീവിതത്തിലേക്ക് വീണ്ടു ഉന്തിയും തള്ളിയും വിടുന്ന എല്ലാ*
*പെൺമക്കളുടേയും അമ്മമാരോട് ഒരു ചോദ്യം*
*— നിങ്ങൾ മകളെ വളർത്തുന്നത് കൊല്ലാനാണോ?*
*ആണ് എങ്കിൽ ഇത് വായിച്ചതിനുശേഷം ചുരുട്ടി എറിഞ്ഞു കളയുക.*
*അല്ല എന്നാണ് ഉത്തരമെങ്കിൽ*
*അവളുടെ സന്തോഷത്തിന് "കൂടുതൽ കൊടുക്കാം" എന്നല്ല*
*"കൊടുക്കില്ല" എന്നു തീരുമാനിക്കാം....*
*ഭർത്താവിനൊപ്പം അവൾ ജിവിക്കുമ്പോഴും തങ്ങൾ ഒപ്പമുണ്ട് എന്ന*
*ഉറപ്പ് !!! അവൾക്കുകൊടുക്കാം. ആളുണ്ടെന്ന് അവളറിയട്ടെ....*
*അവൾക്കുവേണ്ടി ചോദിക്കാനും; പറയാനും !!*


**തയ്യാറാക്കിയത്**
**ശ്രീമതി ബബിത**
**കോഡിനേറ്റർ, സ്ത്രീശാക്തീകരണം**



*Jeeva Jyothi Offset Press Tvm Phone. 0471 2311620*



**ജൂലൈ 2021** **ലക്കം 7**


# ഉണർവ്വ്
## പഠനപത്രിക


ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി


## *" സ്ത്രീ ധനം"*

സ്ത്രീശാക്തീകരണം എന്ന പ്രക്രിയയിലാണ് നാം. എങ്ങോട്ടു തിരിഞ്ഞാലും കേൾക്കുന്നത് സ്ത്രീശാക്തീകരണത്തെക്കുറിച്ചാണ്. ഒരുപാട് മാറ്റങ്ങളും നേട്ടങ്ങളും നാം കൈവരിച്ചു കഴിഞ്ഞു എന്നു പറയാതെ വയ്യ. ഇതിന്റെ ഫലമായി സ്ത്രീ ഇന്നു ചെന്നെത്താത്ത ഉയരങ്ങളില്ല എന്നു അഭിമാനത്തോടെ പറയാം. പക്ഷേ സമാധാനിച്ചിരിക്കാൻ സമയമായിട്ടില്ല. ഇനിയും നാം മുന്നോട്ടു പോകേണ്ടതുണ്ട്. ചില ശീലങ്ങൾ മാറേണ്ടതുണ്ട്. അതിൽ പ്രധാനപ്പെട്ടത് ഓമനിച്ചു ലാളിച്ചു വളർത്തുന്ന പെൺകുഞ്ഞ് വിവാഹപ്രായമെത്തുമ്പോഴേക്കും കച്ചവടചരക്കായി മാറുന്നതാണ്. പ്രായപൂർത്തിയായ മകളെ മുന്നിൽ നിർത്തി "എന്തുകൊടുക്കും" "എന്തുകിട്ടും" എന്നൊക്കെയുള്ള വിലപേശലുകൾ പെണ്ണിന്റെ ആത്മാഭിമാനത്തെ ഇല്ലാതാക്കുന്നു എന്നു മാത്രമല്ല; അന്തസ്സോടെ പൊരുതി ജീവിക്കാനുള്ള അവളുടെ ധൈര്യം പോലും തല്ലിക്കെടുത്തുന്നു. കഷ്ടപ്പെട്ടു വളർത്തി ഈ നിലയിലാക്കിയെടുത്ത മാതാപിതാക്കൾ, തന്നെ ഒരുത്തന്റെ കൈപിടിച്ചേൽപ്പിക്കാനായി കടം വാങ്ങിയും ഉള്ളതെല്ലാം വിറ്റും പെറുക്കിയും കൂട്ടുന്നതു കാണുമ്പോൾ "ഞാൻ "എന്ന സ്ത്രീയുടെ മൂല്യം "ഞാൻ" കൊണ്ടു ചെല്ലുന്ന പണത്തിന്റെയും ആഭരണത്തിന്റെയും ഭർത്താവിന്റെ വീട്ടിലേക്കെത്തുന്ന വീട്ടുസാധാനങ്ങളുടെയും മൂല്യമായി താഴുന്നു. ചില പ്രദേശങ്ങളിലെങ്കിലും നിലവിലുള്ള വഴക്കമാണത്രേ "മുലകുടിപ്പണം". തന്റെ ഭർത്താവിന് അയാളുടെ അമ്മ മുലകൊടുത്ത് വളർത്തി വലുതാക്കിയതിന് താൻ ആ അമ്മക്ക് നൽകേണ്ട പണം. ലജ്ജിക്കണം നമ്മൾ. ഒരമ്മ മകന് മുലകൊടുക്കുന്നതിന്റെ വില...മറ്റേതോ വീട്ടിൽ ജനിച്ചു വളർന്ന ഒരു പാവം പെണ്ണ് കൊടുത്തു തീർക്കണമത്രേ. ഇതൊക്കെ കണ്ട് വളരുന്ന നമ്മുടെ ആൺകുട്ടികൾ നാളെ ഭാര്യവീട്ടിൽ നിന്നും കിട്ടുന്നതെല്ലാം തന്റെ അവകാശമെന്നു വിചാരിക്കുന്നതിൽ ഒരു ആണത്തം കണ്ടെത്തുന്നു;ആസ്വദിക്കുന്നു. പ്രതീക്ഷിക്കുന്നത്ര കിട്ടാതെ യാകുമ്പോൾ പെൺകുട്ടിയുടെ ജീവിതം തന്നെ അപകടത്തിലാകുന്ന

പ്രാകൃതത്തിലേക്ക് നാം വീഴുന്നു. പൊള്ളലേറ്റും, കെട്ടിത്തൂങ്ങിയും വിഷം ഉള്ളിൽ ചെന്നും ഒക്കെ ഭർത്താവിന്റെ വീട്ടിൽ പെൺജീവിതങ്ങൾ നിസ്സഹായതയോടെ ഒടുങ്ങിപ്പോകുന്നു. ഇത്തരത്തിൽ ജീവൻ നഷ്ടപ്പെട്ട രണ്ടു പെൺകുട്ടികളെ സമീപകാലത്ത് റ്റി.വിയിലും പത്രത്തിലും മറ്റു മാധ്യമങ്ങളിലുമൊക്കെ നാം അടുത്തറിഞ്ഞു. അവരുടെ അച്ഛനമ്മമാരുടെ സങ്കടം നമ്മുടെയും സങ്കടമായി. പക്ഷേ പെട്ടെന്നു നമ്മൾ അതൊക്കെ മറക്കും. സ്വന്തം മകൾ അപകടപ്പെടാതിരിക്കാൻ എത്ര കൂടുതൽ കൊടുക്കാം എന്നു ചിന്തിക്കും. അല്ലാതെ, ഈ പൈശാചികതക്ക് ഒരവസാനം വരുത്താൻ, എന്റെ മകൾ വാർത്തയാകാതിരിക്കാൻ ഞാൻ അഞ്ചുപൈസ അവൾക്ക് കൊടുക്കില്ല എന്നു പറയാൻ ഇനിയും നമുക്ക് ധൈര്യമായിട്ടില്ല. കർശനമായ നിയമങ്ങൾ നമുക്കുണ്ട്. ഇതിന്റെ ശക്തമായ രണ്ടുദാഹരണങ്ങളാണ് 1961 ലെ സ്ത്രീധന നിരോധന നിയമവും 2005 ലെ ഗാർഹിക പീഢനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമവും. എന്നാൽനിയമങ്ങളും അതിലെ കാർക്കശ്യവും മാത്രം മതിയാകുന്നില്ല പെണ്ണിന്റെ സംരക്ഷണത്തിന് എന്ന് അടുത്ത കാലത്തുണ്ടായ സംഭവങ്ങൾ ഓർമ്മിപ്പിക്കുന്നു. പിന്നെ എന്താണ് വേണ്ടത്?

മനോഭാവത്തിൽ ഒരു മാറ്റം – ഇതാണ് നമുക്കാവശ്യം. ഇതിന് ശക്തമായ, സംഘടിതമായ ബോധവത്ക്കരണം ആവശ്യമുണ്ട്.

ആണും പെണ്ണും മനുഷ്യശരീരത്തിലെ രണ്ടു കണ്ണുകളാണെന്നു കാണാൻ പഠിച്ചാൽ നമ്മുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ അവസാനിക്കും. തന്റെ രണ്ടു കണ്ണുകളിൽ ഏതിനാണ് പ്രാധാന്യം? ഇടത്തേതോ? അതോ വലത്തേതോ? ഒന്നു മുലപ്പാൽ കുടിച്ച് ആരോഗ്യത്തോടെ വളർന്നതിന് മറ്റേ കണ്ണ് പണം നൽകണം എന്നു പറയുന്നത് എത്ര വിഢ്ഢിത്തമാണ്? ഒരു കണ്ണിനെ എന്റെ മുഖത്തിൽ സൂക്ഷിക്കാൻ "എന്തുതരും" "എന്തുകൊടുക്കും" എന്ന ചോദ്യങ്ങൾ എത്ര അർത്ഥശൂന്യമാണ്.

നല്ല കാഴ്ചക്ക് രണ്ടു കണ്ണുകളും നമുക്കാവശ്യമാണ്. അതുപോലെ നല്ല ജീവിതത്തിന് ആണും പെണ്ണും ആവശ്യമാണ്. അതിന് പെണ്ണ് പണമോ, പൊന്നോ, വീട്ടു സാധനങ്ങളോ കൊണ്ടുവരേണ്ടതില്ല. മറിച്ച് തങ്ങൾക്കുവേണ്ടത് രണ്ടുപേരും മുണ്ടുമുറുക്കിയുടുത്ത് അദ്ധ്വാനിച്ചുണ്ടാക്കുകയാണ് വേണ്ടത്.

1961 ലെ സ്ത്രീധനനിരോധന നിയമം കൃത്യമായി പറയുന്നു സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും ശിക്ഷാർഹമാണ്. അതോടൊപ്പം തന്നെ നിയമം പറയുന്നു സ്ത്രീധനത്തെക്കുറിച്ച് പ്രചരണം നടത്തുന്നവരും ശിക്ഷ അർഹിക്കുന്നു. ഉദാഹരണത്തിന് ഞാൻ എന്റെ മകൾക്ക് ഇത്രയൊക്കെ കൊടുക്കും; എന്റെ മകന് വിവാഹത്തിന് ഇത്രയൊക്കെ കിട്ടി എന്നിങ്ങനെ പറഞ്ഞു നടക്കുന്നവർപോലും ശിക്ഷിക്കപ്പെടാം. വിവാഹം നടത്തികൊടുക്കുന്ന ഇടനിലക്കാർ അഥവാ ബ്രോക്കർമാർ – സ്ത്രീധനം ചോദിക്കുകയോ ഏർപ്പാടാക്കുകയോ ചെയ്താൽ ഇവരെയും ശിക്ഷിക്കാൻ നിയമത്തിൽ വകുപ്പുണ്ട്. ഈ നിയമത്തിൽ വളരെ വ്യക്തമായിപ്പറയുന്നതും നമ്മൾ അവഗണിക്കുന്നതുമായ മറ്റൊരു വസ്തുതയാണ് വിവാഹസമയം കൈമാറ്റം ചെയ്യപ്പെടുന്ന സമ്മാനങ്ങളുടെ കാര്യം. ഇത്തരം സമ്മാനങ്ങളുടെ – അത് പണമായാലും സ്വർണ്ണമായാലും മറ്റ് വസ്തുക്കളായാലും – ലിസ്റ്റ് തയ്യാറാക്കി രണ്ടു സാക്ഷികൾ ഒപ്പിട്ട് കോപ്പി സൂക്ഷിക്കേണ്ടതാണ്. ഇതൊക്കെ ആരു ശ്രദ്ധിക്കുന്നു ! സ്ത്രീധനം എന്ന വാക്കാണ് ശിക്ഷാർഹം എന്നുവരുത്തിതീർത്ത് മകൾക്ക് മാതാപിതാക്കൾ നൽകുന്ന പോക്കറ്റ് മണി, മകൾക്ക് കൊടുക്കാനുള്ളത്, മകളുടെ ഓഹരി...എന്ന ഓമനപ്പേരുകളിൽ സ്ത്രീധനം രൂപമാറ്റം വരുത്തി ജനിതക മാറ്റം നേടിയ കൊറോണ വൈറസിനെപ്പോലെ പെൺകുട്ടികളുടെ ജീവനെടുക്കുന്നു.

ഇവിടെ ചേർത്തു വായിക്കേണ്ട ഒന്നാണ് ഗാർഹികാതിക്രമങ്ങൾ. എന്താണ് ഗാർഹികാതിക്രമം? സ്ത്രീയുടെ ശരീരം, സമ്പത്ത്, വ്യക്തിത്വം എന്നിവയിന്മേൽ ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ നടത്തുന്ന കയ്യേറ്റവും ബലപ്രയോഗവുമാണ് ഗാർഹികാതിക്രമം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഭാര്യയെ പേടിപ്പിച്ചും ഭീഷണിപ്പെടുത്തിയും ബലം പ്രയോഗിച്ചും അവളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന പ്രവണത നമ്മുടെ സമൂഹത്തിലുണ്ട്. ശാരീരികവും മാനസികവും വൈകാരികവും സാമ്പത്തികവും ലൈംഗീകവുമായ അതിക്രമങ്ങൾ കുടുംബത്തിനുള്ളിലെ സ്ത്രീകളുടെ ജീവിതം ദുഷ്കരമാക്കുന്നു. ക്രമേണ ഇത് അവരെ കൊലപാതകങ്ങൾക്കിരയാക്കുകയോ, ആത്മഹത്യയിലേക്ക് നയിക്കുകയോ മാനസിക രോഗികളാക്കുകയോ ചെയ്യാം.

ഇവിടെയാണ് 2005 ലെ ഗാർഹിക പീഢനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സ്ത്രീക്ക് തുണയാകുന്നത്. പ്രായപൂർത്തിയായ ഒരു യുവതിക്ക് യാതൊരു സമ്മർദ്ദങ്ങൾക്കും നിർബന്ധങ്ങൾക്കും വഴങ്ങിയല്ലാതെ തന്റെ ജീവിത പങ്കാളിയെ